# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2449 14.06.2019-ൽ മറുപടിക്ക്**

നെന്മാറ മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം

| | ചോദ്യം<br>ശ്രീ. കെ. ബാബു | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | നെന്മാറ നിയോജക മണ്ഡലത്തിലെ അയിലൂർ പഞ്ചായത്തിൽ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി അയിലൂർ പഞ്ചായത്തിൽ പുതിയ സബ് സ്റ്റേഷൻ അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; | (ബി) & (സി) | നെന്മാറ സബ്സ്റ്റേഷനിലേയ്ക്കുള്ള 66 കെ.വി സപ്ലൈ വെണ്ണക്കര 110 കെ.വി സബ് സ്റ്റേഷനിൽ നിന്നുള്ളതാണ്. ട്രാൻസ്ഗ്രിഡുമായി ബന്ധപ്പെട്ട വർക്കുകൾ ഉണ്ടാകുന്ന അവസരങ്ങളിൽ ഒറ്റപ്പാലം, പഴയന്നൂർ, വടക്കഞ്ചേരി എന്നീ 110 സബ് സ്റ്റേഷനുകളിലേയ്ക്കും വെണ്ണക്കര 110 കെ.വിയിൽ നിന്നു തന്നെ സപ്ലൈ എത്തിക്കേണ്ട സാഹചര്യം ആയതിനാൽ അയിലൂർ ഫീഡറിൽ വോൾട്ടേജ് കുറവ് ഉണ്ടാകുന്നത്.<br>എന്നാൽ മേലാർകോട് പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള നെന്മാറ 66 കെ.വി സബ്സ്റ്റേഷൻ, 110 കെ.വി ആയി ഉയർത്തുന്ന തോട്ടുകൂടി അനുബന്ധ പഞ്ചായത്ത് ആയ അയിലൂർ പഞ്ചായത്തിന് കൂടി ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്. നെന്മാറ 66 കെ.വി സബ്സ്റ്റേഷൻ 110 കെ.വി ആക്കി ഉയർത്തുന്ന പ്രവൃത്തി നടപ്പുസാമ്പത്തിക വർഷം തന്നെ പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | നിലവിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ